കെ.എസ്.ഇ.ബി. ജീവനക്കാരുടെ വേതന നിർണ്ണയ കരാർ

19 (386) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ വേതന നിർണ്ണയത്തിനുള്ള ദീർഘകാല കരാർ കാലാവധി അവസാനിച്ചതെന്നാണ് ; കാലഹരണപ്പെട്ട കരാറിന്റെ സ്ഥാനത്ത് പുതിയ കരാർ രൂപീകരിക്കുന്നതിന് ബോർഡ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പുതിയ കരാറിന് കഴിഞ്ഞ കരാർ കാലാവധി അവസാനിച്ച തീയതി മുതൽ മുൻകാല പ്രാബല്യം നൽകുന്നത് പരിഗണിക്കുമോ ;

(സി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അധികമായി ആവശ്യമുള്ള തുകയ്ക്ക് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഓഫീസർ കാറ്റഗറിയിലെ ജീവനക്കാർക്ക് ബാധകമായിട്ടുള്ള ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി 30-6-2013-നും വർക്ക്മെൻ കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 31-7-2013-നും അവസാനിച്ചു. പുതിയ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടില്ല.

(ബി) ശമ്പള പരിഷ്കരണ ചർച്ചകളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ മുൻനിർത്തിയും കരാർ രൂപപ്പെടുത്തുന്നതിന് മുൻകാലങ്ങളിൽ പാലിച്ചുവരുന്ന വ്യവസ്ഥകൾ, നിബന്ധനകൾ/നിയമങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം നൽകിയുമായിരിക്കും ശമ്പള പരിഷ്കരണ കരാറിന്റെ പ്രാബല്യം സംബന്ധിച്ച വിഷയത്തിൽ തീരുമാനം എടുക്കുന്നത്.

(സി) ശമ്പള പരിഷ്കരണം മുഖേന ഓരോ സാമ്പത്തിക വർഷത്തിലും ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഇലക്ട്രിസിറ്റി ബോർഡ് ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിക്കുന്ന A.R.R. പെറ്റീഷൻ മുഖേന കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുന്നുണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം	ആവശ്യപ്പെട്ട തുക (കോടിയിൽ)	കമ്മീഷൻ അനുവദിച്ച തുക (കോടിയിൽ)
2013-14	82.55	പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല
2014-15	120.47	72
2015-16	125.41	ARR പെറ്റീഷനുമേൽ നാളിതുവരെ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

കെ.എസ്.ഇ.ബി. കാഷ്യർ നിയമനം

20 (387) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കാഷ്യർ തസ്തികയിൽ 22-10-2012-ന ശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് ; പ്രസ്തുത ഒഴിവുകൾ ഉടൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ;

(സി) സീനിയർ അസിസ്റ്റന്റ് തസ്തികയിലോ കാഷ്യർ തസ്തികയിലോ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) നിലവിലെ അനുവദനീയമായ അംഗസംഖ്യ അനുസരിച്ച് 402 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ആവശ്യമായ എണ്ണത്തെ സംബന്ധിച്ച് IIM കോഴിക്കോട് പഠനം നടത്തുന്നുണ്ട്. ടി പഠനത്തിനുശേഷം ലഭിക്കുന്ന റിപ്പോർട്ട് അനുസരിച്ച് മാത്രമേ പുതിയ അനുവദനീയമായ അംഗസംഖ്യ തീരുമാനിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും സാധിക്കുകയുള്ളൂ.

(സി) സീനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തുന്നത്. കാഷ്യർ തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി. വഴിയല്ലാതെ ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട നിയമനം എന്നിവ മുഖേനയും നികത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly